ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:21.08.2025**

## പ്രധാനവാർത്തകൾ

1) വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. ഓൺലൈൻ ഗെയിമിങ്ങ് ബില്ലിന് പാർലമെൻറിൻറെ അംഗീകാരം.
2) സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ചരിത്രനേട്ടത്തിൻറെ ഔദ്യോഗിക പ്രഖ്യാപനം നടത്തി മുഖ്യമന്ത്രി പിണറായി വിജയൻ.
3) കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നാളെ കേരളത്തിലെത്തും. കൊച്ചിയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
4) പീരുമേട് എം എൽ എ വാഴൂർ സോമൻ അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തായിരുന്നു അന്ത്യം.
5) 17-ാമത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും.

&&&&&&&&&&&&&&&&&&

RNUTVPM

### പാർലമെന്റ്

വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളനത്തിൻറെ അവസാന ദിവസമായ ഇന്ന് ഓൺലൈൻ ഗെയിമിങ്ങ് ബിൽ 2025 പാർലമെൻറ് പാസാക്കി. ഇന്നലെ ലോക്സഭ പാസാക്കിയ ബിൽ ഇന്ന് രാജ്യസഭ

അംഗീകരിക്കുകയായിരുന്നു. ബിഹാർ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളം ഇരുസഭകളിലേയും നടപടികൾ ഇന്നും തടസ്സപ്പെടുത്തി.

&&&&&&&&&&&&&&&&&&

**ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്**

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. I.N.D.I.A സ്ഥാനാർത്ഥിയായി സുപ്രീംകോടതി മുൻ ജഡ്ജി ബി.സുദർശൻ റെഡ്ഡി ഇന്ന് പത്രിക സമർപ്പിച്ചു. എൻഡിഎ സ്ഥാനാർത്ഥി സി.പി രാധാകൃഷ്ണൻ ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നു. 17-ാമത് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതിനുള്ള വോട്ടെടുപ്പും വോട്ടെണ്ണലും അടുത്തമാസം ഒൻപതിന് നടക്കും.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി -ഡിജിറ്റൽ കേരള (ഇൻട്രോ)**

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. മുഖ്യമന്ത്രി പിണറായി വിജയൻ ഈ ചരിത്രനേട്ടത്തിൻറെ പ്രഖ്യാപനം തിരുവനന്തപുരത്ത് നടത്തി.

**(വോയിസ്)**

സംസ്ഥാന സർക്കാർ നടപ്പാക്കിയ ഡിജി-കേരളം പദ്ധതിയിലൂടെ 21 ലക്ഷത്തി 87,667 പേരാണ് ഡിജിറ്റൽ സാക്ഷരത നേടിയത്.

&&&&&&&&&&&&&&&&&&

**വാഴൂർ സോമൻ**

പീരുമേട് എം എൽ എ വാഴൂർ സോമൻ അന്തരിച്ചു. 72 വയസ്സായിരുന്നു. ഹൃദയാഘാതത്തെത്തുടർന്നായിരുന്നു അന്ത്യം. തിരുവനന്തപുരത്ത് നടന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനിടെ ദേഹാസ്വസ്ഥ്യം അനുഭവപ്പെടുകയും അദ്ദേഹത്തെ സ്വകാര്യ ആശുപത്രിയിലെത്തിക്കുകയും ചെയ്തു.

PRIU TVPM

ചികിത്സയിലിരിക്കെ ആയിരുന്നു അന്ത്യം. 2021-ൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ ഇടുക്കി പീരുമേട്ടിൽ നിന്ന് സിപിഐ - എംഎൽഎ ആയാണ് അദ്ദേഹം നിയമസഭയിലെത്തിയത്. സി പി ഐ സംസ്ഥാന കൗൺസിൽ അംഗമാണ് വാഴൂർ സോമൻ.

&&&&&&&&&&&&&&&&&&

**രാഹുൽ മാങ്കൂട്ടത്തിൽ**

യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷ സ്ഥാനം രാഹുൽ മാങ്കൂട്ടത്തിൽ രാജിവെച്ചു. എന്നാൽ എം എൽ എ സ്ഥാനത്ത് തുടരും. യുവനടിയുടെ ആരോപണങ്ങളിൽ പരാതി വന്നാൽ നിയമപരമായി നേരിടുമെന്ന് രാഹുൽ മാങ്കൂട്ടത്തിൽ അറിയിച്ചു. കോൺഗ്രസ് നേതൃത്വത്തിലുള്ള ആരും രാജി ആവശ്യപ്പെട്ടിട്ടില്ലെന്നും അദ്ദേഹം അടൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. അതെസമയം, കോൺഗ്രസ് പാർട്ടിയിലെ ഏതു നേതാവിനെതിരെ പരാതി ലഭിച്ചാലും മുഖം നോക്കാതെ നടപടിയുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

**ഓൺലൈൻ ഗെയിമിംഗ് -ഡെസ്ക് (ഇൻട്രോ)**

എല്ലാ പ്രായക്കാർക്കിടയിലും വിപത്തായി മാറിക്കൊണ്ടിരിക്കുന്ന ഓൺലൈൻ ഗെയിമുകൾക്കെതിരെ നടപടിയെടുക്കാൻ പാർലമെന്റ് അംഗീകരിച്ച ബിൽ സഹായകമാകുമെന്നാണ് സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതികരണം.

**ആകാശവാണി ലേഖകൻ എം.സ്മിതി തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**ഓൺലൈൻ ഗെയിമിംഗ്- ഇ എസ് ബിജുമോൻ ( INTRO)**

ഓൺലൈൻ തട്ടിപ്പുകൾ നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള ബിൽ ജനങ്ങൾക്ക് വളരെയധികം ഉപയോഗപ്രദമാണെന്ന് കേരള പോലീസിലെ, സൈബർ സുരക്ഷാ അന്വേഷണ വിദഗ്ധൻ

ഇ. എസ് ബിജുമോൻ ആകാശവാണി വാർത്തകളോടു പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**ഓൺലൈൻ ഗെയ്മിംഗ്-ബൈറ്റ്**

ഓൺലൈൻ ഗെയ്മിംഗിനെതിരെ അവതരിപ്പിച്ച ബില്ലിനെക്കുറിച്ചുള്ള പ്രതികരണങ്ങളിലേക്ക്...

കണ്ണൂർ കൂത്തുപറമ്പ് സ്വദേശിനി രമ്യ രാജേഷ് ആകാശവാണി വാർത്തകളോട്...

(ഹോൾഡ്-വോയിസ്)

RNUTVPM

&&&&&&&&&&&&&&&&&&

**വർണപ്പകിട്ട്**

സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന വർണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റിന് കോഴിക്കോട് തുടക്കമായി. സംസ്ഥാന ചലച്ചിത അവാർഡിലും ചലച്ചിത്ര മേളകളിലും ട്രാൻസ്ജൻഡേഴ്സിന് അർഹമായ പങ്കാളിത്തം ഉറപ്പാക്കുന്ന വിഷയം സാംസ്കാരിക വകുപ്പിൻ്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് മേള ഉദ്ഘാടനം ചെയ്യവെ മന്ത്രി ആർ ബിന്ദു പറഞ്ഞു.

&&&&&&&&&&&&&&&&&& .

**കൈത്തറി വിപണന മേള**

സംസ്ഥാന കൈത്തറി വസ്ത്ര പ്രദർശന വിപണന മേളയ്ക്ക് തിരുവനന്തപുരത്ത് പാളയം എൽഎംഎസ് ഫെയർ ഗ്രൗണ്ടിൽ തുടക്കമായി. പരമ്പരാഗത കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിനും വിവിധ സംസ്ഥാനങ്ങളിലെ തനത് കൈത്തറി

ഉൽപ്പന്നങ്ങളുടെ മേന്മയും പ്രാധാന്യവും വൈവിധ്യവും ജനങ്ങളിലേക്ക് എത്തിക്കുന്നതിനാണ് മേള സംഘടിപ്പിക്കുന്നത്. മേള അടുത്ത മാസം 4 ന് സമാപിക്കും.

&&&&&&&&&&&&&&&&&&

**അമിത് ഷാ- കൊ ച്ചി**

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നാളെ കേരളത്തിൽ എത്തും. കൊച്ചിയിൽ നടക്കുന്ന ബി ജെ പി സംസ്ഥാന നേതൃയോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**പി എം - ബീഹാർ**

ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തുടക്കം കുറിക്കും. ഗംഗാ നദിക്ക് കുറുകെ രണ്ട് കിലോമീറ്റർ ദൈർഘ്യത്തിൽ നിർമിച്ച ആന്റ - സിമാരിയ ആറു വരി പാലം അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിൽ 5,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

**അന്താരാഷ്ട്ര ഡോക്യുമെൻററി (ഇൻട്രോ)**

17-ാമത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. മേളയുടെ ഒരുക്കങ്ങൾ പൂർത്തിയായ തായി സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേം കുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

**അമീബിക് മസ്തിഷ്ക ജ്വരം**

കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത ഇടങ്ങളിൽ മെഡിക്കൽ കോളെജിലെ ഡോക്ടർമാരുടെ വിദഗ്ധ സംഘം സന്ദർശിച്ചു. രോഗബാധയെ തുടർന്ന് മരിച്ച താമരശ്ശേരി സ്വദേശിയായ പെൺകുട്ടിയുടെ വീടും, ചികിത്സയിലുള്ള ഓമശ്ശേരി സ്വദേശിയായ മൂന്ന് മാസം പ്രായമുള്ള കുട്ടിയുടെ വീടുമാണ് സംഘം സന്ദർശിച്ചത്. ജലസ്രോതസ്സുകളിൽ നിന്നും സാമ്പിളുകളും ശേഖരിച്ചു. മലപ്പുറം സ്വദേശിയായ 11 വയസ്സുള്ള കുട്ടിയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മെഡിക്കൽ കോളെജിൽ ചികിൽസയിലാണ്.

&&&&&&&&&&&&&&&&&&

**കേരള ക്രിക്കറ്റ് ലീഗ്**

തിരുവനന്തപുരത്ത് നടക്കുന്ന കേരള ക്രിക്കറ്റ് ലീഗിൻറെ ആദ്യ മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെതിരെ ഏരീസ് കൊല്ലം സെയിലേഴ്സിന് ഒരു വിക്കറ്റ് ജയം.

RNU TVPM

കാലിക്കട്ട് ഉയർത്തിയ 139 റൺസ് പിന്തുടർന്ന ഏരീസ് കൊല്ലം, ഒരു പന്ത് ബാക്കി നിൽക്കെ ലക്ഷ്യം മറികടന്നു.

&&&&&&&&&&&&&&&&&&

**ഡി-ഹണ്ട്**

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 81 കേസുകൾ രജിസ്റ്റർ ചെയ്തു. 85 പേർ അറസ്റ്റിലായി.

&&&&&&&&&&&&&&&&&&

**മിന്നൽപ്പരിശോധന**

ഓണക്കാലത്ത് കടൽമാർഗ്ഗം ലഹരികടത്തിനുള്ള സാധ്യത കണക്കിലെടുത്ത് കൊല്ലം എക്സൈസ് എൻഫോഴ്സ്മെൻ്റ് & ആൻ്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് ഹാർബറുകളിലും, മത്സ്യബന്ധന ബോട്ടുകളിലും

മിന്നൽപ്പരിശോധന നടത്തി. സ്പെഷ്യൽ ഡ്രൈവിൽ ശക്തികുളങ്ങര, നീണ്ടകര ഹാർബർ പരിസരവും, ബോട്ടുകളും വിശദമായി പരിശോധിച്ചു.

&&&&&&&&&&&&&&&&&&

**ശബരിമല**

ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് രാത്രി 10 ന് അടയ്ക്കും. പ്രതികൂല കാലാവസ്ഥയിലും വലിയ തിരക്കാണ് ശനിയാഴ്ച നട തുറന്ന മുതൽ സന്നിധാനത്ത് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&&&&&

**ഓഹരി/സ്വർണം**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 143 പോയിന്റ് ഉയർന്ന് 82,001 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 33 പോയിന്റ് നേട്ടത്തിൽ 25,084 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില വർദ്ധിച്ചു. പവന് 400 രൂപ കൂടി 73,840 രൂപയും, ഗ്രാമിന് 9,230 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&&

**ക്ഷേത്ര കലാ പുരസ്കാരം**

2023-24 വർഷത്തെ ക്ഷേത്ര കലാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ക്ഷേത്ര കലാശ്രീ പുരസ്കാരം ഗാനരചയിതാവ് ശ്രീകുമാരൻ തമ്പിക്ക് സമ്മാനിക്കും. 25,001 രൂപയാണ് പുരസ്കാര തുക. വിവിധ കലാ മേഖലകളിലെ 27 പേർക്ക് ക്ഷേത്രകല അവാർഡും12 പേർക്ക് ഗുരുപൂജ പുരസ്കാരവും സമ്മാനിക്കും.

&&&&&&&&&&&&&&&&&&

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ

കി ബാത്ത്  ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&

RNU TVPM